തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത് ഓഫീസ്

മാരാമൺ പി.ഒ,

പത്തനംതിട്ട ജില്ല, കേരള പിൻ **689 549**

email : tpsry1@gmail.com

ഫോൺ: **0468-2214387**

നമ്പർ **: 6763089-2026** തീയതി :27/10/2026

ഇ- ദർഘാസ് പരസ്യം

തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2026-27 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പ്രോജക്ട് നം- 112/27 ഫിലമെന്റ് രഹിത കേരളം-തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങലും അറ്റകുറ്റപണിയും എന്ന പ്രോജക്ട് പ്രകാരം തോട്ടപ്പുഴശ്ശേരി ഗ്രാമ പഞ്ചായത്തിലേക്ക് 2026-27 വർഷത്തേക്ക് താഴെപറയുന്ന സ്പെസിഫിക്കേഷനിലുള്ള ഇലക്ട്രിക് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനും, അവയുടെ അറ്റകുറ്റ പണികൾ നടത്തുന്നതിനുമായി മത്സര സ്വഭാവമുള്ള കേരള സ്റ്റേറ്റ് ഇലക്ട്രിക്കൽ ലൈസൻസ് ബോർഡിൻറെ ബി-ക്ലാസ്സ് ലൈസൻസുള്ളവരിൽ നിന്നും ഇ- ദർഘാസുകൾ ക്ഷണിക്കുന്നു.

ക്രമനമ്പർ	പ്രോജക്ട് നമ്പർ	പ്രവൃത്തിയുടെ പേര്	അടങ്കൽ തുക	നിരതദ്രവ്യം	ദർഘാസ് ഫോറവില
1	112/27	ഫിലമെൻറ് രഹിത കേരളം- തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങലും അറ്റകുറ്റപണിയും	**457860**	**11446**	**916**

ഈ-ദർഘാസുകൾ സമർപ്പിക്കുന്ന അവസാന തീയതിയും, സമയവും - **12/11/2026**, *11.00 എ.എം*

സ്പെസിഫിക്കേഷൻ

ക്രമ നം	സാധനത്തിന്റെ പേര്
1	എൽ.ഇ.ഡി ബൾബ് (12 വാട്ട്, സ്റ്റാർ റേറ്റിംഗ് ഉള്ളത്)
2	പെൻഡന്റ് ഹോൾഡർ (*ഐ.എസ്.ഐ*)
3	അക്രിലിക് ഷേഡ് (**no plastic)**

4	അലൂമിനിയം 1.5 പി.വി.സി വയർ (*ഐ.എസ്.ഐ*)
5	ഇൻസുലേഷൻ ടേപ്പ് (*ഐ.എസ്.ഐ*)
6	സിലിക്കൺ (280 **ml)**

നിബന്ധനകൾ

1. കേടായ തെരുവ് വിളക്കുകൾ അഴിച്ച് മാറ്റുകയും അറ്റകുറ്റപണി നടത്തി റീഫീറ്റു ചെയ്യുക , നിലാവ് പദ്ധതി പ്രകാരമുള്ള ലൈറ്റുകൾ മാറ്റി സ്ഥാപിക്കുക,
2. സാധനങ്ങളുടെ എല്ലാ നികുതിയും ഉൾപ്പെടെ ഒരെണ്ണത്തിൻറെ നിരക്കാണ് രേഖപ്പെടുത്തേണ്ടത്.
3. സപ്ലൈ ചെയ്യുന്ന സാധനങ്ങൾക്ക് പെർഫോമൻസ് ഗ്യാരണ്ടി നൽകേണ്ടതാണ്.
4. ലേബർ ചാർജ്ജായി ഒരു പോസ്റ്റിന്റെ നിരക്കാണ് രേഖപ്പെടുത്തേണ്ടത്.
5. നിരതദ്രവ്യം സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ അടവാക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള സ്ഥാപനം ആണെങ്കിൽ ടി ഉത്തരവിൻറെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ടെണ്ടറിനൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.
6. തെരഞ്ഞെടുക്കപ്പെടുന്ന കരാറുകാർ സ്വന്തം ചെലവിൽ ജീവനക്കാരുടെ ഇൻഷ്വറൻസ് എടുക്കേണ്ടതാണ്.
7. വാറണ്ടി പിരിഡിൽ കേടായ സാധനങ്ങൾ മാറ്റി നൽകേണ്ടതാണ്.
8. സാധനങ്ങളുടെ സാമ്പിൾ ഹാജരാക്കേണ്ട സംഗതിയിൽ സ്വന്തം ചെലവിലും ഉത്തരവാദിത്തത്തിലും സാമ്പിൾ ഹാജരാക്കേണ്ടതാണ്.
9. നിശ്ചിത തീയതിക്കും സമയത്തിനും ശേഷം ടെൻഡറുകൾ സ്വീകരിക്കുന്നില്ല.

10. രജിസ്റ്റർ ചെയ്തിട്ടുള്ള അംഗീകൃത ഇലക്ട്രിക്കൽ കരാറുകാരിൽ നിന്നാണ് ടെണ്ടർ ക്ഷണിക്കുന്നത്.
11. ദർഘാസിനൊപ്പം 200 രൂപ മുദ്രപ്പത്രത്തിൽ നിശ്ചിത മാതൃകയിൽ പ്രാഥമിക കരാർ ഉടമ്പടി ഉണ്ടായിരിക്കേണ്ടതാണ്.
12. ടെണ്ടറുകൾ അംഗീകരിക്കുന്ന പക്ഷം സാമ്പിളുകളുടെ ഗുണമേന്മ അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് പരിശോധിച്ച് സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.
13. അറ്റകുറ്റപണി സമയം കെ.എസ്.ഇ.ബി അധികൃതരെ അറിയിച്ച് വൈദ്യുതി പ്രവഹിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതാണ്
14. പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി മാത്രം ദർഘാസ് അംഗീകരിക്കുന്നതായിരിക്കും
15. കൂടുതൽ വിവരങ്ങൾ**https://etenders.kerala.gov.in** എന്ന വെബ് സൈറ്റിലും പഞ്ചായത്ത് ഓഫീസിൽ നിന്നും ആഫീസ് സമയങ്ങളിൽ അറിയാവുന്നതാണ്
16. ടെണ്ടറുകളോടൊപ്പം മതിയായ നിരതദ്രവ്യം അടവാക്കിയ രസീത് ഉള്ളടക്കം ചെയ്യേണ്ടതാണ്.കരാറുകാരുടെ ലൈസൻസ്,ജി.എസ്.റ്റി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, അനുബന്ധ രേഖകൾ എന്നിവ പരിശോധനകൾക്ക് ഹാജരാക്കേണ്ടതാണ്.
17. ടെണ്ടർ അംഗീകരിച്ച് അറിയിപ്പ് ലഭിച്ച് 7 ദിവസത്തിനകം പഞ്ചായത്തുമായി കരാറിൽ ഏർപ്പെടുകയും, സെക്യൂരിറ്റി തുക ഒടുക്കു വരുത്തേണ്ടതുമാണ്.

18. ടെണ്ടറുകൾ സംബന്ധിച്ച സർക്കാർ നിയമങ്ങളും, ചട്ടങ്ങളും, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനുള്ള പ്രൊക്യൂർമെൻറ് മാനുവൽ നിബന്ധനകളും ബാധകമായിരിക്കും.
19. ടെണ്ടറുകൾ നിശ്ചയിച്ച തീയതിയിൽ ഹാജരായ കരാറുകാരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതാണ്. ഏതെങ്കിലും കാരണവശാൽ ദർഘാസ് തുറക്കുന്ന തീയതി അവധിയായാൽ തൊട്ടടുത്ത പ്രവർത്തി ദിവസം മുൻ ദിവസത്തെ സമയക്രമത്തിൽ നടത്തുന്നതായിരിക്കും

(ഒപ്പ്)
സെക്രട്ടറി
തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത്